## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 304 11.11.2019-ൽ മറുപടിക്ക്

## രാഷ്ട്രീയ കൊലപാതകങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ടി.ജെ. വിനോദ്<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.എം. വിൻസെന്റ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുമ്പോഴും രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടാകുന്നത് ആഭ്യന്തര വകുപ്പിന്റെ വീഴ്ചയാണെന്ന് കരുതുന്നുണ്ടോ; | (എ) ഇല്ല. സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ നിയന്ത്രിക്കുന്നതിനായി പോലീസ് കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിനായി സംസ്ഥാന ഇന്റലിജൻസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകളും ശക്തമായ നിരീക്ഷണങ്ങൾ നടത്തി സംഘർഷ സാദ്ധ്യത മുൻകൂട്ടി കണ്ട് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. മികച്ച പ്രവർത്തനങ്ങളിലൂടെ ക്രമസമാധാന രംഗത്ത് കേരളം ഇന്ത്യയിലെ മികച്ച സംസ്ഥാനങ്ങളിലൊന്നായി വിവിധ ഏജൻസികളും മാധ്യമങ്ങളും വിലയിരുത്തിയിട്ടുണ്ട്. അക്രമ സംഭവങ്ങളും ഗുരുതരമായ കുറ്റകൃത്യങ്ങളും ഉണ്ടാകുമ്പോൾ പ്രതികളുടെ രാഷ്ട്രീയ ചായ്‌വ് നോക്കാതെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുവാനും പ്രതികളെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുവാനും യഥാസമയം തന്നെ കഴിഞ്ഞിട്ടുണ്ട്. കുറ്റകൃത്യങ്ങൾ തടയുന്നതിന് നിയമാനുസൃതമായ കർശനമായ നടപടിയാണ് സ്വീകരിച്ചുവരുന്നത്. ആയതിനാൽ തന്നെ ആഭ്യന്തര വകുപ്പിന് ഇക്കാര്യത്തിൽ യാതൊരു വിധമായ വീഴ്ചയും സംഭവിച്ചതായി വിലയിരുത്തിയിട്ടില്ല. |
| (ബി) രാഷ്ട്രീയ കൊലപാതക കേസിലെ പ്രതികൾക്ക് ഉന്നത തലത്തിൽ നിന്ന് ലഭിക്കുന്നതായി പറയപ്പെടുന്ന സംരക്ഷണം ഇത്തരം കൊലപാതകങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) രാഷ്ട്രീയ കൊലപാതക കേസ്സിൽ എന്നല്ല മറ്റൊരു കേസിലും കേസിന്റെ അന്വേഷണത്തേയോ മറ്റ് നടപടി ക്രമങ്ങളേയോ ബാധിക്കുന്ന ഒരു തരത്തിലുള്ള ഇടപെടലും ഉണ്ടാകുന്നതായോ കുറ്റകൃത്യത്തിലേർപ്പെടുന്നവർക്ക് സംരക്ഷണം നൽകുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(സി) ഇത്തരം കേസുകൾ നിഷ്പക്ഷമായും നീതിപൂർവ്വമായും അന്വേഷിച്ച് കൊലയാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(സി) സംസ്ഥാനത്തുണ്ടാകുന്ന രാഷ്ട്രീയ കൊലപാത കേസുകളിൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്തി പ്രതികളെ നിയമത്തിന് മുൻപിൽ കൊണ്ടു വരുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ